പ്രസിദ്ധീകരണത്തിന്റെ 10th YEAR പത്താം വർഷം

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

Designer + Builder

2013 April
Vol.10 Issue [illegible]
Price ₹ 50/-



- 14 അവാർഡ് പ്രോജക്റ്റുകൾ
- അക്ഷതമാം വീട്
- പുതിയ തോൽക്കുടം; പഴയ വീഞ്ഞ്

20 വീടും പ്ലാനും

ചെലവ്: 7 – 20 ലക്ഷം



# ആവശ്യങ്ങളറിഞ്ഞൊരു വീട്

ക്ലൈന്റ്: ഡേവിഡ് സി. ചീരൻ
സ്ഥലം: കുന്നംകുളം
പ്ലോട്ട്: 20 സെന്റ്
വിസ്തീർണം: 2000 സ്ക്വയർഫീറ്റ്
ചെലവ്: 20 ലക്ഷം
ഡിസൈനർ: ഷൈൻ സി. ചിന്നൻ
പണി പൂർത്തിയായ വർഷം: 2012

## പ്രത്യേകതകൾ

വീട് ചെറുതെങ്കിലും അത്യാവശ്യ സൗകര്യങ്ങൾ വേണ്ടെന്നുവയ്ക്കാൻ സാധിക്കില്ല. എല്ലാം നിശ്ചിത ബഡ്ജറ്റിലൊതുക്കുകയും വേണം. ഇവിടെ ഇന്റീരിയറും എക്സ്റ്റീരിയറും ഉൾപ്പെടെ 20 ലക്ഷത്തിന് മുഴുവൻ പണിയും പൂർത്തീകരിക്കാനായി. പതിനൊന്ന് അടി വീതിയും പതിനഞ്ച് അടി നീളവുമുള്ള കാർ പോർച്ചിൽ വലിയ വണ്ടികൾവരെ അനായാസം പാർക്ക് ചെയ്യാം. ചെലവ് കുറയ്ക്കുന്നതിനായി പ്ലെയിൻ റൂഫ് ഉപയോഗിച്ചു. അടിത്തറയുടെ ഭാഗത്ത് ഭിത്തി കരിങ്കൽ ക്ലാഡിങ് ചെയ്തിട്ടുണ്ട്. ഇന്റീരിയറിൽ സിംപിൾ ഫോമിലെ ഫർണിച്ചർ ഉപയോഗിച്ചു. ക്ലൈന്റിന്റെ പക്കലുണ്ടായിരുന്ന തടിയാണുപയോഗിച്ചത്. ഫ്ളോറിങ്ങിന് കുറഞ്ഞ വിലയുള്ള വിട്രിഫൈഡ് ടൈൽ നൽകി. കബോർഡുകൾ എല്ലാം ഫെറോ സിമന്റിലാണ്. സ്റ്റീലിന്റെ ഉപയോഗം പരമാവധി കുറച്ചു. താഴെയുള്ള രണ്ട് ബെഡ്റൂമുകളിലേക്കും അടുക്കളയിലേക്കും ഗോവണി കയറുന്നതിനും ഉള്ള സൗകര്യങ്ങൾ ഡൈനിങ്ങിൽനിന്നാണ്.



ഷൈൻ സി. ചിന്നൻ




GROUND FLOOR PLAN-1435 SQFT




FIRST FLOOR PLAN-554 SQFT